# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.**5701** **02.07.2019** ൽ മറുപടിക്ക്.

## വന്യജീവി സംരക്ഷണകേന്ദ്രങ്ങളുടെ പരിപാലനം

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.വി.ആർ. സുനിൽ കുമാർ | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്തെ വന്യജീവി സംരക്ഷണകേന്ദ്രങ്ങളും ആയതിന്റെ പരിപാലനവും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്ത് താഴെ പറയുന്ന 15 വന്യജീവി സങ്കേതങ്ങൾ ഉണ്ട്.<br>1. നെയ്യാർ വന്യജീവി സങ്കേതം<br>2. വയനാട് വന്യജീവി സങ്കേതം<br>3. ഇടുക്കി വന്യജീവി സങ്കേതം<br>4. പീച്ചി വന്യജീവി സങ്കേതം, വാഴാനി<br>5. പേപ്പാറ വന്യജീവി സങ്കേതം<br>6. ചെന്തുരുണി വന്യജീവി സങ്കേതം<br>7. ചിമ്മിണി വന്യജീവി സങ്കേതം<br>8. ആറളം വന്യജീവി സങ്കേതം<br>9. ചിന്നാർ വന്യജീവി സങ്കേതം<br>10. തട്ടേക്കാട് പക്ഷി സങ്കേതം<br>11. മംഗളവനം പക്ഷി സങ്കേതം<br>12. കുറിഞ്ഞിമല സങ്കേതം<br>13. ചൂലന്നൂർ മയിൽ സങ്കേതം<br>14. മലബാർ വന്യമൃഗ സങ്കേതം<br>15. കൊട്ടിയൂർ വന്യജീവി സങ്കേതം<br>1972 ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ വ്യവസ്ഥകൾ പ്രകാരവും, അംഗീകൃത മാനേജ്മെൻറ് പ്ലാനുകളിലെ നിർദ്ദേശങ്ങൾക്കനുസൃതവുമായിട്ടാണ് വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെ പരിപാലനം ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ "ഇന്റഗ്രേറ്റഡ് ഡവലപ്മെൻറ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH) " മുഖേനയാണ് ഇവയുടെ പരിപാലനത്തിനുള്ള തുക വകയിരുത്തുന്നത്. |

| | | |
|---|---|---|
| (ബി) | കേരളത്തിലെ ദേശീയ ഉദ്യാനങ്ങളും അവയുടെ പരിപാലനവും സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ; | (ബി) കേരളത്തിൽ 6 ദേശീയോദ്യാനങ്ങൾ ആണ് നിലവിലുള്ളത്.<br><br>1. ഇരവികുളം ദേശീയോദ്യാനം<br>2. സൈലന്റ്‌വാലി ദേശീയോദ്യാനം<br>3. ആനമുടി ദേശീയോദ്യാനം<br>4. മതികെട്ടാൻമല ദേശീയോദ്യാനം<br>5. പാമ്പാടും ചോല ദേശീയോദ്യാനം<br>6. പെരിയാർ ദേശീയോദ്യാനം<br><br>1972 ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ വ്യവസ്ഥകൾ പ്രകാരവും, അംഗീകൃത മാനേജ്മെൻറ് പ്ലാനുകളിലെ നിർദ്ദേശങ്ങൾക്കനുസൃതവുമായിട്ടാണ് ദേശീയോദ്യാനങ്ങളുടെ പരിപാലനം ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ "ഇൻറഗ്രേറ്റഡ് ഡവലപ് മെൻറ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH)" മുഖേനയാണ് ഇവയുടെ പരിപാലനത്തിനുള്ള തുക വകയിരുത്തുന്നത്. |
| (സി) | സംസ്ഥാനത്ത് കമ്മ്യൂണിറ്റി റിസർവുകൾ നിലവിലുണ്ടോ, ആയതിന്റെ സ്ഥാപിത ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ; | (സി) ഉണ്ട്. സംസ്ഥാനത്തെ ഒരു കമ്മ്യൂണിറ്റി റിസർവ്വാണ് 2007-ൽ രൂപീകൃതമായ കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വ്. വനങ്ങൾക്ക് പുറമെയുള്ള ജൈവ വൈവിധ്യ പ്രാധാന്യ മേഖലകളെ തദ്ദേശവാസികളായ ജനങ്ങളുടെ പങ്കാളിത്തത്തോടെയും, സഹകരണത്തോടെയും സംരക്ഷിക്കുക എന്നതാണ് കമ്മ്യൂണിറ്റി റിസർവ്വുകളുടെ സ്ഥാപിത ഉദ്ദേശ ലക്ഷ്യം. തദ്ദേശവാസികൾ അംഗങ്ങളായുള്ള കമ്മ്യൂണിറ്റി റിസർവ്വ് മാനേജ്മെൻറ് കമ്മിറ്റി ആണ് കമ്മ്യൂണിറ്റി റിസർവ്വിന്റെ പ്രവർത്തനങ്ങൾ നിശ്ചയിക്കുന്നതും, നടപ്പിലാക്കുന്നതും. |
| (ഡി) | സംസ്ഥാനത്തെ ടൈഗർ റിസർവ്വുകളെയും എലിഫന്റ് റിസർവ്വുകളെയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | (ഡി) സംസ്ഥാനത്ത് നിലവിൽ പെരിയാർ, ആനമുടി, നിലമ്പൂർ, വയനാട് എന്നീ 4 എലിഫന്റ് റിസർവ്വുകളും, പെരിയാർ, പറമ്പിക്കുളം എന്നീ 2 കടുവാ സങ്കേതങ്ങളും ആണ് ഉള്ളത്. അവയെ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള സംസ്ഥാനവിഹിതം സംബന്ധിച്ച വിശദാംശങ്ങളും അവ ഏതൊക്കെ കാര്യങ്ങൾക്കാണ് ചെലവിടുന്നതെന്നും വ്യക്തമാക്കുമോ? | (ഇ) സംസ്ഥാനത്തെ 1 5 വന്യജീവി സങ്കേതങ്ങളുടെയും, പെരിയാർ ഉൾപ്പെടെ 6 ദേശീയോദ്യാനങ്ങളുടെയും 2 ടൈഗർ റിസർവ്വുകളുടെയും, ഒരു കമ്മ്യൂണിറ്റി റിസർവ്വിന്റെയും വികസന സംരക്ഷണ പ്രവർത്തനങ്ങളും ദൈനംദിന പ്രവർത്തനങ്ങളും കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. പ്രോജക്ട് ടൈഗർ ഒഴികെ മറ്റു പദ്ധതികൾക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 60:40 അനുപാതത്തിലാണ്. പ്രോജക്ട് ടൈഗറിൽ നോൺ റിക്കറിംഗ് പ്രവർത്തനങ്ങൾക്ക് 60% ഉം, റിക്കറിംഗ് പ്രവർത്തനങ്ങൾക്ക് 50%-ഉം ആണ് കേന്ദ്ര വിഹിതം. കൂടാതെ 1 0 0 % സംസ്ഥാന വിഹിതം വിനിയോഗിച്ചുകൊണ്ട് ജൈവ വൈവിദ്ധ്യ സംരക്ഷണം (CBD),പരിസ്ഥിതി വികസന പരിപാടി (EDP) , മനുഷ്യ-മൃഗ സംഘർഷ ലഘൂകരണ മാർ ഗ്ഗങ്ങൾ (MRMAC) എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

സംസ്ഥാനത്തെ 4 എലിഫന്റ് റിസർവ്വുകളായ പെരിയാർ, ആനമുടി, നിലമ്പൂർ, വയനാട് എന്നിവയുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി കേന്ദ്ര സഹായത്തോടെ "പ്രോജക്ട് എലിഫന്റ്"എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

- ആനകൾക്കും അവയുടെ സങ്കേതങ്ങൾക്കും സുരക്ഷ ഉറപ്പാക്കൽ.
- മനുഷ്യ-മൃഗ സംഘർഷം ഒഴിവാക്കൽ (ആനത്താരാ പദ്ധതി, ആന പ്രതിരോധ കിടങ്ങുകൾ, സൗരോർജ്ജ കമ്പിവേലി എന്നിവയുടെ നിർമ്മാണം).
- ബോധവത്ക്കരണ പരിപാടികൾ (പ്രകൃതി പഠന ക്യാമ്പുകൾ, എലിഫന്റ് ഡേ ആചരണം, ആന പാപ്പാൻമാർക്കുള്ള പരിശീലനം തുടങ്ങിയവ).

സംസ്ഥാനത്തെ 2 കടുവാ സങ്കേതങ്ങളായ പെരിയാറിന്റെയും പറമ്പിക്കുളത്തിന്റെയും സംരക്ഷണത്തിനും പരിപാലനത്തിനുമായി കേന്ദ്ര സഹായത്തോടെ "പ്രോജക്ട് ടൈഗർ" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

- മൃഗവേട്ട തടയുന്നതിനുള്ള പദ്ധതികൾ (ടെന്റുകൾ, ആൻറി-പോച്ചിംഗ് ക്യാമ്പ് ഷെഡ് നിർമ്മാണം)
- അടിസ്ഥാന സൗകര്യ വികസനം (വാക്കി-ടോക്കി, വയർലസ് മുതലായ നൂതന ആശയ വിനിമയ ഉപാധികൾ വാങ്ങുന്നത് ഉൾപ്പെടെയുള്ള പ്രവർത്തികൾ)
- ആവാസ വ്യവസ്ഥയുടെയും ജലസ്രോതസ്സുകളുടെയും പുനരുജ്ജീവനം (ഫയർലൈൻ നിർമ്മിക്കൽ, ചതുപ്പ് നിലങ്ങളുടെ പരിപാലനം എന്നിവ)
- ട്രക്ക് പാത്തുകളുടെയും കൂപ്പ് റോഡുകളുടെയും നിർമ്മാണവും പരിപാലനവും.
- പ്രകൃതി പഠന ക്യാമ്പുകൾ പോലെയുള്ള ബോധവത്ക്കരണ പരിപാടികൾ.
- ടൈഗർ റിസർവ്വിന് ചുറ്റുമുള്ള വളർത്തു കന്നുകാലികളുടെ രോഗ പ്രതിരോധ പ്രവർത്തികൾ.
- മണ്ണ്-ജല സംരക്ഷണം
- മനുഷ്യ-മൃഗ സംഘർഷം ലഘൂകരികരിക്കുന്നതിനുള്ള പ്രവർത്തികൾ.

സെക്ഷൻ ഓഫീസർ